REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 10-08-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വയനാട്ടിൽ. ദുരന്ത മേഖല സന്ദർശിക്കുന്ന പ്രധാനമന്ത്രി ദുരിത ബാധിതരുമായി ആശയവിനിമയം നടത്തും.
- മുണ്ടക്കൈ - ചൂരൽമല പ്രദേശങ്ങളിൽ നാളെ ജനകീയ തെരച്ചിൽ പുനരാരംഭിക്കും. സൂചിപ്പാറയിൽ കണ്ടെത്തിയ, നാല് മൃതദേഹങ്ങൾ ഇന്ന് പുറത്തെത്തിക്കാൻ ശ്രമം നടത്തും.
- പ്രധാൻമന്ത്രി ആവാസ് യോജനയിൽ മൂന്ന് കോടി വീടുകൾ നിർമ്മിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം അനുമതി നൽകി.
- നാളെ നടത്താനിരുന്ന നീറ്റ്-പി.ജി പരീക്ഷ നീട്ടിവെക്കണമെന്ന ഹർജി സുപ്രീം കോടതി തള്ളി.
- പാരീസ് ഒളിംപിക്സ് ഗുസ്തിയിൽ ഇന്ത്യക്ക് വെങ്കലം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിത മേഖല സന്ദർശിക്കും. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ നേരിൽ കാണുന്ന പ്രധാനമന്ത്രി അവരുമായി ആശയ വിനിമയം നടത്തുകയും ചെയ്യും. രാവിലെ ഡൽഹിയിൽ നിന്ന് വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ പുറപ്പെടുന്ന പ്രധാനമന്ത്രി 11.20-ഓടെ കണ്ണൂർ വിമാനത്താവളത്തിലെത്തും. അവിടെ നിന്ന്

ഹെലികോപ്റ്ററിൽ പുറപ്പെടുന്ന അദ്ദേഹം മേഖലയിൽ വ്യോമ നിരീക്ഷണവും നടത്തും.

12 മണിയോടെ കൽപറ്റയിലെ ഹെലിപാഡിലിറങ്ങുന്ന പ്രധാനമന്ത്രി അവിടെ നിന്ന് റോഡ് മാർഗ്ഗം ദുരന്തബാധിത പ്രദേശത്ത് എത്തും. ദുരിതാശ്വാസ - പുനരധിവാസ പ്രവർത്തനങ്ങൾ അദ്ദേഹം അവലോകനം ചെയ്യും. ദുരിതാശ്വാസ ക്യാമ്പിലും ആശുപത്രിയിലും പ്രധാനമന്ത്രി സന്ദർശനവും നടത്തും.

ദുരന്തത്തിൽ പരിക്കേറ്റ് ഇപ്പോഴും ഡോക്ടർ മൂപ്പൻസ് മെഡിക്കൽ കോളേജിൽ കഴിയുന്നവരെയായിരിക്കും പ്രധാനമന്ത്രി നേരിൽ കാണുക. ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര - സംസ്ഥാന മന്ത്രിമാരും പ്രധാനമന്ത്രിയെ അനുഗമിക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തിന്റെ ഭാഗമായി ആശുപത്രിയിൽ പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് ജില്ലയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ ഇന്ന് മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ തിരച്ചിൽ ഉണ്ടാവില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു. സന്നദ്ധ പ്രവർത്തകർക്കും, തെരച്ചിലുമായി ബന്ധപ്പെട്ട മറ്റാളുകൾക്കും ദുരന്തബാധിത പ്രദേശങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കില്ല. നാളെ ജനകീയ തെരച്ചിൽ പുനരാരംഭിക്കുമെന്നും കളക്ടർ അറിയിച്ചു.

✪✪✪

വയനാട് ഉരുൾപൊട്ടൽ സംബന്ധിച്ച് വിദഗ്ധ പഠനം ആവശ്യമാണെന്ന് മേഖലയിൽ സന്ദർശനം നടത്തിയ കേന്ദ്ര സംഘം വിലയിരുത്തി. ലഭ്യമായ വിവരം അനുസരിച്ച് ഉരുൾപൊട്ടൽ വലിയ ആഘാതം സൃഷ്ടിച്ചതായും അവർ അഭിപ്രായപ്പെട്ടു. പുരനധിവാസത്തിന് മാത്രമായി 2,000 കോടിയിലേറെ രൂപ ആവശ്യമാണെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സംഘത്തെ ധരിപ്പിച്ചു. മന്ത്രി സഭാ ഉപസമിതി അംഗങ്ങളും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മറ്റ് ജനപ്രതിനിധികളുമായി സംഘം സ്ഥിതിഗതികൾ വിലയിരുത്തി.

✪✪✪

വയനാട്ടിലെ സൂചിപ്പാറയിൽ കണ്ടെത്തിയ, നാല് പേരുടെ മൃതദേഹങ്ങൾ ഇന്ന് പുറത്തെത്തിക്കും. മേഖലയിൽ ഇന്ന് തിരച്ചിൽ ഇല്ലെങ്കിലും സൈന്യവും വനം വകുപ്പും സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പും ചേർന്ന് മൃതദേഹം പുറത്തെത്തിക്കാനാണ് നീക്കം.

ഇന്നലെ മേഖലയിൽ തിരച്ചിൽ നടത്തിയ സന്നദ്ധ പ്രവർത്തകരാണ് മൃതദേഹം കണ്ടെത്തിയത്. എന്നാൽ P.P.E കിറ്റ് ഉൾപ്പെടെ ഇല്ലാത്തതിനാൽ സന്നദ്ധ പ്രവർത്തകർക്ക് മൃതദേഹം പുറത്തെടുക്കാൻ കഴിഞ്ഞില്ല.

✪✪✪

ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്കായി ഒരുക്കിയ സർട്ടിഫിക്കറ്റ് ക്യാമ്പയിനിൽ ഇന്നലെ 265 പേർക്ക് 636 അവശ്യ

രേഖകൾ വിതരണം ചെയ്തു. ജില്ലാ ഭരണ കൂടവും IT മിഷനും ചേർന്നാണ് 12 ദുരിതാശ്വാസ ക്യാമ്പുകളിൽ ക്യാമ്പയിൻ സംഘടിപ്പിച്ചത്.

✪✪✪

വിലങ്ങാട് ഉരുൾപൊട്ടലിൽ വലിയ നാശ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഗവൺമെന്റ് വിഷയത്തെ ഗൗരവത്തോടെയാണ് കാണുന്നതെന്നും മന്ത്രി P.പ്രസാദ് പറഞ്ഞു. വിലങ്ങാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ നേരിൽകണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കായിരുന്നു അദ്ദേഹം. നാശനഷ്ടങ്ങളുടെ മുഴുവൻ കണക്കും ലഭ്യമായിട്ടില്ല. വയനാട്ടിലേയും വിലങ്ങാട്ടേയും ദുരന്തബാധിതമേഖലകളെ കുറിച്ച് പഠിക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി ഈ മാസം 13ന് കൃഷി വകുപ്പ് ഉന്നത യോഗം വിളിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ഉരുൾപൊട്ടലുണ്ടായ വിലങ്ങാട്ടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഗവൺമെന്റുമായി സഹകരിക്കുമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. വിലങ്ങാട് മേഖല നേരിൽ കണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയാറരുന്നു അദ്ദേഹം. അറിഞ്ഞതിനേക്കാൾ വ്യാപ്തി ഉരുൾപൊട്ടൽ വഴി വിലങ്ങാടുണ്ടായെന്ന് ബോധ്യപ്പെട്ടതായി പ്രതിപക്ഷ നേതാവ് അറിയിച്ചു.

അപകടാവസ്ഥയിൽ കഴിയുന്നവരെ മാറ്റിത്താമസിപ്പിക്കണമെന്ന് ആവശ്യപ്പെട്ട അദ്ദേഹം ഷാഫി

പറമ്പിൽ MP-യുടെ നേതൃത്വത്തിൽ 20 വീടുകൾ നിർമ്മിക്കുമെന്നും ആവശ്യമെങ്കിൽ കൂടുതൽ വീടുകൾ നിർമ്മിക്കാനും തയ്യാറാണെന്നും പറഞ്ഞു.

✪✪✪

വയനാട് മേഖലയിൽ ഇന്നലെ ഉണ്ടായത് ഭൂചലനമല്ലെന്ന് കേന്ദ്ര സീസ്മോളജി വകുപ്പ് അറിയിച്ചു. ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് ഭൂമിക്കടിയിലെ അടരുകളിൽ ഉണ്ടായ മാറ്റമായിരിക്കാം പ്രകമ്പനമായി അനുഭവപ്പെട്ടതെന്ന് അവർ വ്യക്തമാക്കി. ഇതിൽ ആശങ്കപ്പെടേണ്ട സാഹചര്യമൊന്നും ഇല്ലെന്ന് വകുപ്പ് ഡയറക്ടർ OP മിശ്ര അറിയിച്ചു.

✪✪✪

പ്രധാൻമന്ത്രി ആവാസ് യോജനയിൽ മൂന്ന് കോടി വീടുകൾ നിർമ്മിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം അനുമതി നൽകി. ഇതിൽ ഒരു കോടി വീടുകൾ നഗര മേഖലയിലും രണ്ടു കോടി വീടുകൾ ഗ്രാമീണ മേഖലയിലും ആയിരിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ അറിയിച്ച അശ്വിനി വൈഷ്ണവ് വിശദികരിച്ചു. മൂന്ന് ലക്ഷത്തി 60,000 കോടി രൂപയാണ് പദ്ധതിയ്ക്ക് മാറ്റിവെച്ചിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം മുതൽ 2028-29 സാമ്പത്തിക വർഷം വരെയാണ് പദ്ധതി കാലാവധി.

പ്രധാൻ മന്ത്രി ആവാസ് യോജന, അർബൻ പദ്ധതിയിൽ വർക്കിംഗ് വിമൺ ഹോസ്റ്റൽ നിർമ്മാണത്തിനും സാമ്പത്തിക സഹായം നൽകും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും കുറഞ്ഞ വരുമാനക്കാർക്കും ഇടത്തരം

വരുമാനക്കാർക്കും 25 ലക്ഷം രൂപയുടെ വരെ ഭവന വായ്പ നാല് ശതമാനം പലിശ ഇളവിൽ ലഭ്യമാക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....വോയ്സ്.........

കാർഷിക മന്ത്രാലയം മുന്നോട്ടുവെച്ച ക്ലീൻ പ്ലാന്റ് പരിപാടി 1,765 കോടി രൂപയുടെ നിക്ഷേപത്തോടെ നടപ്പാക്കാനും മന്ത്രിസഭാ യോഗം അനുമതി നൽകി. ഉദ്യാനവിള - കൃഷി രംഗത്ത് വിപ്ലവകരമായ പുതുമകൾ കൊണ്ടുവരുന്ന പരിപാടിയിൽ കർഷകർക്ക് വൈറസ് രഹിതവും മികച്ച ഗുണനിലവാരത്തോടു കൂടിയതുമായ വിത്തും നടീൽ ഉൽപന്നങ്ങളും വിതരണം ചെയ്യും. ഇതുവഴി സുസ്ഥിര ഉൽപാദനവും വരുമാന വർദ്ധനയുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

പ്രധാൻമന്ത്രി ജീവൻ യോജനയിൽ ജൈവ-ഇന്ധന പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു. കാർഷിക പാഴ്-വസ്തുക്കളും അവശിഷ്ടങ്ങളും ഉപയോഗിച്ച് ഇന്ധനം നിർമ്മിക്കുന്ന പദ്ധതികൾക്ക് 1,969 കോടി രൂപ വിഹിതം അനുവദിച്ചു.

പട്ടിക ജാതി - പട്ടിക വർഗ്ഗ സംവരണം സംബന്ധിച്ച സുപ്രീം കോടതി വിധി മന്ത്രിസഭാ യോഗം വിശദമായി ചർച്ച ചെയ്തതായും അശ്വിനി വൈഷ്ണവ് അറിയിച്ചു.

ഭരണഘടനാപരമായി സംവരണം നടപ്പാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും വൈഷ്ണവ് വ്യക്തമാക്കി.

റെയിൽവേയ്ക്ക് 24,657 കോടി രൂപ ചെലവിൽ എട്ട് പദ്ധതികൾ നടപ്പാക്കാനും മന്ത്രിസഭാ യോഗം അനുമതി നൽകി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു വിദേശ സന്ദർശനത്തിന്റെ ഭാഗമായി തിമോർ-ലെസ്റ്റെയിലെ ദിലിയിലെത്തി. ഭരണ നേതൃത്വവുമായും തിമോറിലെ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി ചർച്ച നടത്തും.

✪✪✪

നാളെ നടത്താനിരുന്ന നീറ്റ്-പി.ജി പരീക്ഷ നീട്ടിവെക്കണമെന്ന ഹർജി സുപ്രീം കോടതി തള്ളി. പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചത് ചില വിദ്യാർഥികൾക്ക് അസൗകര്യപ്രദമായ രീതിയിലാണെന്ന് കാണിച്ച് നൽകിയ ഹർജിയാണ് കോടതി തള്ളിയത്. രണ്ട് ലക്ഷം വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്നത് അന്യായമാണെന്ന് പരമോന്നത കോടതി നിരീക്ഷിച്ചു.

ജൂലൈ 23നാണ് നേരത്തെ പരീക്ഷ നടത്താൻ നിശ്ചയിച്ചിരുന്നത്. എന്നാൽ മറ്റു പരീക്ഷകളിൽ ക്രമക്കേട് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കരുതൽ നടപടിയുടെ ഭാഗമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം പരീക്ഷ ഇന്നത്തേക്ക് മാറ്റുകയായിരുന്നു. രാജ്യത്തെ 500 കേന്ദ്രങ്ങളിലാണ് പരീക്ഷ നടത്തുന്നത്.

✪✪✪

പാരീസ് ഒളിംപിക്സ് ഗുസ്തിയിൽ ഇന്ത്യക്ക് വെങ്കല മെഡൽ. പുരുഷന്മാരുടെ 57 കിലോ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ അമൻ ഷെറാവത്താണ് മെഡൽ നേടിയത്. പോർട്ടോറിക്കൻ താരത്തെ പരാജയപ്പെടുത്തിയാണ് അമന്റെ മെഡൽ നേട്ടം. ഇതോടെ ഇന്ത്യയുടെ ഒരു വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പടെ ഇന്ത്യയുടെ മെഡൽ നേട്ടം ആറായി. പോയിന്റ് പട്ടികയിൽ ഇന്ത്യ 69-ാം സ്ഥാനത്താണ്.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്.........

ഗുസ്തി മെഡൽ നേടിയ അമനെ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു.

ഇന്ന് ഗോൾഫിൽ വനിതാ വ്യക്തിഗത വിഭാഗത്തിൽ ഇന്ത്യയുടെ ദിക്ഷാ ദാഗറും അതിഥി അശോകും മത്സരിക്കും. ഇന്ത്യൻ സമയം ഉച്ചക്ക് 12.30നാണ് മത്സരം.

റെസ്‌ലിംഗ് വനിത ഫ്രീസ്റ്റൈൽ 76 കിലോഗ്രാം പ്രീ ക്വാർട്ടർ പോരാട്ടത്തിൽ ഇന്ത്യയുടെ റീതിക ഹൂഡയും ഇന്നിറങ്ങുന്നുണ്ട്. ഉച്ചകഴിഞ്ഞ് 2.50നാണ് മത്സരം.

പാരീസ് ഒളിംപിക്സ് പുരുഷ ഫുട്ബോളിൽ ആതിഥേയരായ ഫ്രാൻസിനെ മൂന്നിനെതിരെ അഞ്ച് ഗോളുകൾക്ക് തോൽപ്പിച്ച് സ്പെയിൻ സ്വർണം നേടി. നിശ്ചിത സമയത്ത് 3-3 സമനിലയിലായ മത്സരത്തിൽ എക്സ്ട്രാ

ടൈമിൽ എതിരില്ലാതെ രണ്ട് ഗോളിനാണ് സ്പെയിൻ വിജയിച്ചത്. 1992ന് ശേഷം ആദ്യമായാണ് സ്പെയിൻ ഒളിംപിക്സ് പുരുഷ ഫുട്ബോളിൽ സ്വർണം നേടുന്നത്. യൂറോപ്യൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായതിന് പിന്നാലെയാണ് ഒളിംപിക്സിലും സ്പെയിൻ നേട്ടം കൈവരിച്ചത്.

33 സ്വർണവും 39 വെള്ളിയും 39 വെങ്കലവും ഉൾപ്പെടെ 111 മെഡലുകൾ നേടിയ അമേരിക്കയാണ് മെഡൽ പട്ടികയിൽ ഒന്നാമത്. 33 സ്വർണവും 27 വെള്ളിയും 23 വെങ്കലവുമടക്കം 83 മെഡലുകളുമായി ചൈന തൊട്ടടുത്തുണ്ട്.

✪✪✪

ഒളിംപിക്സ് ഫൈനലിൽ ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ടിന് അയോഗ്യത കൽപ്പിച്ചതിന് എതിരെ നൽകിയ അപ്പീലിൽ പാരീസിലെ കായിക കോടതിയിൽ വാദം പൂർത്തിയായി. വിധി നാളേയ്ക്ക് മുമ്പ് ഉണ്ടായേക്കും.

✪✪✪

പാലക്കാട് ഇൻഡോർ സ്റ്റേഡിയം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി V. അബ്ദുറഹിമാൻ പറഞ്ഞു. സ്റ്റേഡിയം പൂർത്തീകരണ പ്രവർത്തികളുടെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 14 കോടി 50 ലക്ഷം രൂപയാണ് സ്റ്റേഡിയം പൂർത്തീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് കിഫ്ബി വഴി അനുവദിച്ചതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

പൊതു ഇടങ്ങൾ സ്ത്രീ - ശിശു സൗഹൃദമാക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. പത്തനംതിട്ട KSRTC സ്റ്റാൻഡിൽ നിർമ്മിച്ച ബ്രെസ്റ്റ് ഫീഡിംഗ് റൂം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ലോക മുലയൂട്ടൽ വാരാണചരണത്തോട് അനുബന്ധിച്ചാണ് മുറി ഒരുക്കിയത്.

✪✪✪

വിലകുറഞ്ഞ തുണിത്തരങ്ങളുടെ ഇറക്കുമതി ഖാദി മേഖലയ്ക്ക് ഭീഷണിയാണെന്നും ഇത് നിരുത്സാഹ പ്പെടുത്തണമെന്നും മന്ത്രി K.കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. വിദേശ കമ്പനികൾ വൻതോതിൽ തുണിത്തരങ്ങൾ ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുകയാണെന്നും റിബേറ്റ് നൽകുന്നതിലൂടെ മാത്രം ഖാദി രക്ഷപ്പെടില്ലെന്നും മന്ത്രി പറഞ്ഞു. ഓണം ഖാദി മേളയുടെ പാലക്കാട് ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കേരളാ ബാങ്കിന്റെ സംസ്ഥാന ഓഫീസിനെയും 14 ജില്ലാ ബാങ്കുകളെയും അവയുടെ ശാഖകളെയും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവിറക്കി. കൊല്ലം പതാരം ശാഖയിലെ തിരിച്ചടവുമായി ബന്ധപ്പെട്ട വിഷയത്തിൽ യുവതി മരിച്ചതുമായി ബന്ധപ്പെട്ട പരാതിയിലാണ് വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽ ഹക്കീമിന്റെ ഉത്തരവ്.

✪✪✪

**മലപ്പുറം ജില്ലയിൽ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് പോലീസ് നടത്തിയ പരിശോധനയിൽ പ്രായപൂർത്തിയാകാതെ വാഹനം ഓടിച്ച 18 വിദ്യാർത്ഥികളെ പിടികൂടി. 203 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.**